രക്ഷയുടെ പാതയിൽ-3



3

# ജീവദാതാവായ ദൈവം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം




1. ജീവൻ നൽകുന്ന ദൈവം
2. ദൈവികജീവൻ നഷ്ടപ്പെടുന്ന മനുഷ്യൻ
3. പാപം ബന്ധങ്ങളെ തകർക്കുന്നു
4. പാപത്തിന്റെ ഫലം നാശം
5. രക്ഷയ്ക്കു വഴിയൊരുക്കുന്ന ദൈവം
6. രക്ഷയിലേക്ക് നയിക്കുന്ന ദൈവം
7. കല്പനകൾ : ജീവന്റെ വഴികൾ
8. കല്പനകളുടെ ലംഘനം : പാപം
9. കല്പനകൾ പാലിച്ച ഈശോ
10. ആത്മാവിനാൽ അഭിഷിക്തനായ ഈശോ
11. പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്ന ശിഷ്യന്മാർ
12. കൂദാശകൾ : ജീവന്റെ അരുവികൾ
13. ഈശോയാൽ അയയ്ക്കപ്പെട്ടവർ
14. ആത്മാവിനാൽ നയിക്കപ്പെടുന്ന ജനം
15. ആത്മാവിനാൽ സാക്ഷ്യം നൽകിയവർ .

പാഠം 4

# പാപത്തിന്റെ ഫലം നാശം



പാപം ചെയ്ത ആദിമാതാപിതാക്കന്മാരെ ദൈവം ശിക്ഷിച്ചു. ആദത്തോടു ദൈവം പറഞ്ഞു: നീ കഠിനമായി അദ്ധ്വാനിച്ചു ജീവിക്കണം. നെറ്റിയിലെ വിയർപ്പുകൊ് ആഹാരം തേടണം. നിന്റെ പാപത്തിന്റെ ഫലമായി മുള്ളും മുൾച്ചെടികളും ഭൂമിയിൽ ഉാകും. കർത്താവ് ഹവ്വായോടു പറഞ്ഞു. നീ വേദനയോടെ കുഞ്ഞുങ്ങളെ പ്രസവിക്കും.



ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വർദ്ധിച്ചിരിക്കുന്നുവെന്നും അവന്റെ ഹൃദയത്തിലെ ചിന്തയും ഭാവനയും എപ്പോഴും ദുഷിച്ചതു മാത്രമാണെന്നും കർത്താവു ദർശിച്ചു.



ദൈവം നോഹയോട് അരുളിചെയ്തു: ഭൂമിയിലെ സർവ്വ ജീവജാലങ്ങളെയും നശിപ്പിക്കാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു. നീ ഒരു പെട്ടകം ഉാക്കുക. ഭൂതലത്തിലെല്ലാം ഞാൻ ഒരു ജലപ്രളയം വരുത്തുവാൻ പോകുന്നു. (ഉൽപത്തി 6:13-17)



ദൈവം പറഞ്ഞതുപോലെ നോഹ പെട്ടകം നിർമിച്ചു.


കർത്താവ് നോഹയോട് അരുളിച്ചെയ്തു: നീയും കുടുംബവും പെട്ടകത്തിൽ പ്രവേശിക്കുക (ഉൽപത്തി 7 :1).



പാപംചെയ്ത തലമുറയെ ദൈവം ഇങ്ങനെ ശിക്ഷിച്ചു. എന്നാൽ നീതിമാനായ നോഹയെയും കുടുംബത്തെയും ദൈവം രക്ഷിച്ചു. ജലപ്രളയത്തിനുശേഷം ദൈവം നോഹയെ അനുഗ്രഹിച്ചു. അവനോട് ഒരു ഉടമ്പടി ചെയ്തു. അതിന്റെ. അടയാളമായി ദൈവം ആകാശത്ത് മഴവില്ല് സ്ഥാപിച്ചു.



നമ്മളും പിതാവായ ദൈവത്തോടു മത്സരിക്കുകയും അവിടുത്തെ സ്നേഹത്തെ തള്ളിക്കളയുകയും ചെയ്യാറുണ്ട്. പാപത്തിന്റെ ഫലം നാശമാണ്. ദൈവത്തെ ധിക്കരിക്കുമ്പോൾ നമ്മൾ നാശത്തിൽ പതിക്കും, നമ്മളിലെ ദൈവികജീവൻ നഷ്ടമാകും. നോഹയെപ്പോലെ ദൈവത്തിന് പ്രിയപ്പെട്ടവരായി ജീവിക്കേവരാണ് നമ്മൾ.



# നമുക്കുപ്രാർത്ഥിക്കാം

ദ്രസ്ഷ്ടാവായ ദൈവമേ,

അങ്ങേക്കെതിരായി പാപം ചെയ്യാൻ

എനിക്ക് ഇടയാകരുതേ.





# നമുക്കു പാടാം

നീതിമാനായൊരു നോഹയന്ന്
ദൈവത്തിൻ കല്പന കേട്ടു നന്നായ്
പേടകമുാക്കി ഉള്ളിലാക്കി
പക്ഷിമൃഗാദികൾ ജോഡികളായ്.

ഹൃത്തിൽ അഹങ്കാരം മൂത്തൊരുനാൾ
ബാബേലിൻ ഗോപുരം നിർമ്മിച്ചതാം
മർത്ത്യരെ ദൈവം ചിതറിച്ചപോൾ
ധിക്കാരം നമ്മെയും ചിതറിച്ചിടും.

Thank you